## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 355** **29.06.2016- ൽ മറുപടി നൽകേണ്ടിയിരുന്നത്**

### "വ്യവസായ സംരംഭകരുടെ വളർച്ചയ്ക്ക് കർമ്മ പദ്ധതികൾ "

**ചോദ്യം**

ശ്രീ. സണ്ണി ജോസഫ്
ശ്രീ. കെ.എസ്.ശബരീനാഥൻ
ശ്രീ. ഷാഫി പറമ്പിൽ
ശ്രീ. എം.വിൻസന്റ്

**ഉത്തരം**

ശ്രീ. എ.സി.മൊയ്തീൻ
(വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി)

| ചോദ്യം | നൽകിയ മറുപടി | അന്തിമ മറുപടി |
|---|---|---|
| എ) സംസ്ഥാനത്ത് സൂക്ഷ്മ-ഇടത്തരം-ചെറുകിട വ്യവസായ സംരംഭകരുടെ വളർച്ചയ്ക്ക് മുൻസർക്കാർ എന്തെല്ലാം കർമ്മപദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | എ) സംസ്ഥാനത്ത് സൂക്ഷ്മ-ഇടത്തരം-ചെറുകിട വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി മുൻ സർക്കാർ താഴെപ്പറയുന്ന കർമ്മ പദ്ധതികളാണ് ആവിഷ്കരി ച്ചിരുന്നത്.<br>(i) പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ജില്ല/താലൂക്ക്/ ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ സെമിനാറുകൾ, ടെക്നോളജി ക്ലിനിക്ക് തുടങ്ങിയവയിലൂടെ സംരംഭകർക്ക് വേണ്ട ബോധവൽക്കരണം.<br>(ii) സംരംഭകർക്ക് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം ആവശ്യമെങ്കിൽ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പാ സൗകര്യം.<br>(iii) സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ ലൈസൻസുകളും ക്ലിയറൻസുകളും നേടി എടുക്കുന്നതിനു വേണ്ട സൗകര്യങ്ങൾ സിംഗിൾ വിൻഡോ ക്ലിയറൻസ് സംവിധാനം.<br>(iv) പൊതുസൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും അസംസ്കൃത | എ) സംസ്ഥാനത്ത് സൂക്ഷ്മ-ഇടത്തരം-ചെറുകിട വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി മുൻ സർക്കാർ താഴെപ്പറയുന്ന കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിരുന്നത്.<br>(i) പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ജില്ല/താലൂക്ക്/ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ സെമിനാറുകൾ, ടെക്നോളജി ക്ലിനിക്ക് തുടങ്ങിയവയിലൂടെ സംരംഭകർക്ക് വേണ്ട ബോധവൽക്കരണം.<br>(ii) സംരംഭകർക്ക് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം ആവശ്യമെങ്കിൽ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പാ സൗകര്യം. |

| | | | | | |
|---|---|---|---|---|---|
| | | | വസ്തുക്കളുടെ ബാങ്ക് ആരംഭിക്കുന്നതിനും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ ക്ലസ്റ്റർ വികസന പദ്ധതി.<br>കൂടാതെ നിലവിലുണ്ടായിരുന്ന ഒമ്പത് പദ്ധതികൾ ഏകോപിപ്പിച്ചു കൊണ്ട് സൂക്ഷ്മ-ഇടത്തരം-ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള സംരംഭകത്വ സഹായ പദ്ധതി (Entrepreneur Support Scheme). | | (iii) സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ ലൈസൻസുകളും ക്ലിയറൻസുകളും നേടി എടുക്കുന്നതിനു വേണ്ട സൗകര്യങ്ങൾ സിംഗിൾ വിൻഡോ ക്ലിയറൻസ് സംവിധാനം.<br>(iv) പൊതുസൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും അസംസ്കൃത വസ്തുക്കളുടെ ബാങ്ക് ആരംഭിക്കുന്നതിനും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ ക്ലസ്റ്റർ വികസന പദ്ധതി.<br>കൂടാതെ നിലവിലുണ്ടായിരുന്ന ഒമ്പത് പദ്ധതികൾ ഏകോപിപ്പിച്ചുകൊണ്ട് സൂക്ഷ്മ-ഇടത്തരം-ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള സംരംഭകത്വ സഹായ പദ്ധതി (Entrepreneur Support Scheme). |
| ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചതെന്ന് വിശദമാക്കുമോ; | ബി) | പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് തൊഴിലില്ലായ്മയും ദാരിദ്ര്യവും ഉൻമൂലനം ചെയ്ത് സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച മെച്ചപ്പെടുത്തുകയാണ് ലക്ഷ്യമിട്ടിരുന്നത്. | ബി) | പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് തൊഴിലില്ലായ്മയും ദാരിദ്ര്യവും ഉൻമൂലനം ചെയ്ത് സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച മെച്ചപ്പെടുത്തുകയാണ് ലക്ഷ്യ മിട്ടിരുന്നത്. |
| സി) | പദ്ധതി നടത്തിപ്പു മൂലം എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചതെന്ന് വിശദമാക്കുമോ; | സി) | പരിശോധിച്ചുവരുന്നു. | സി) | പദ്ധതി നടത്തിപ്പുമൂലം ഉണ്ടായ നേട്ടങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| ഡി) | ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | ഡി) | സംസ്ഥാനത്തെ വ്യവസായ വളർച്ചക്ക് വേണ്ടി രൂപീകരിച്ച വിവിധ നയപരിപാടികൾ നടപ്പാക്കുന്നതിന് അവലോകനങ്ങൾ നടത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ആവശ്യമായ സന്ദർഭങ്ങളിൽ ഇടപെടലുകൾ നടത്തുകയും ചെയ്തിരുന്നു. | ഡി) | സംസ്ഥാനത്തെ വ്യവസായ വളർച്ചക്ക് വേണ്ടി രൂപീകരിച്ച വിവിധ നയപരിപാടികൾ നടപ്പാക്കുന്നതിന് അവലോകനങ്ങൾ നടത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ആവശ്യമായ സന്ദർഭങ്ങളിൽ ഇടപെടലുകൾ നടത്തുകയും ചെയ്തിരുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

വ്യവസായ സംരംഭകരുടെ വളർച്ചയ്ക്ക് സ്വീകരിച്ച കർമ്മപദ്ധതികളുടെ നടത്തിപ്പുമൂലം കഴിഞ്ഞ അഞ്ച് വർഷം കൈവരിച്ച നേട്ടങ്ങളുടെ പട്ടിക.

| ക്രമ നമ്പർ | വർഷം | എം.എസ് എം.ഇ മെമ്മോറാണ്ടം | മുടക്കു മുതൽ തുക (കോടി) | ഉൽപ്പാദന സേവന നിരക്ക് തുക (കോടി) | തൊഴിലവസരം (എണ്ണം) |
|---|---|---|---|---|---|
| 1 | 2011-12 | 10389 | 1695.30 | 5837.62 | 72324 |
| 2 | 2012-13 | 13051 | 2392.97 | 6214.03 | 81467 |
| 3 | 2013-14 | 14997 | 2224.13 | 14203.95 | 87789 |
| 4 | 2014-15 | 15455 | 2392.68 | 22494.59 | 83501 |
| 5 | 2015 സെപ്റ്റംബർ 17 വരെ | 7600 | 1747.90 | 23485.59 | 44281 |
| 6 | 2015 സെപ്റ്റംബർ 18 മുതൽ 2016 മാർച്ച് 31 വരെ | 11317 | 1907.35 | ലഭ്യമല്ല | 75402 |

സെക്ഷൻ ഓഫീസർ